# ശ്രീമദ് അയ്യപ്പഭാഗവതം



ത്രൈയ്യക്ഷര ചൈതന്യ

# ശ്രീമദ് അയ്യപ്പഭാഗവതം

മൈത്രേയ്യക്ഷര ചൈതന്യ

ശ്രീ മൈത്രേയ്യക്ഷര ചൈതന്യയുടെ
കുടുംബാംഗങ്ങൾ പ്രസിദ്ധീകരിക്കുന്നു;
മണികണ്ഠപുരം, വാകത്താനം, കോട്ടയം ജില്ല, കേരളം

# ശ്രീമദ് അയ്യപ്പഭാഗവതം

## ഭഗവത് മാഹാത്മ്യം

''സകല ചരാചരങ്ങൾക്കുള്ളിൽ വാഴുന്ന ശാസ്താ!
സകല ലോകങ്ങൾതന്നാധാരമാവുന്ന ശാസ്താ!
സകല ദുരിതങ്ങളേയും ഭസ്മമാക്കുന്ന ശാസ്താ!
സകല അഭയങ്ങളേയും ഏകിടും എന്റെ ശാസ്താ!
സകല ഭൂതങ്ങൾക്കേശും സർവ്വ ദുഃഖങ്ങളേയും,
ത്വരിതമകലെ നീക്കാൻ സ്വാമി, തൃപ്പദം കുമ്പിടുന്നേൻ!!!''

''സ്വാമിയേ ശരണം അയ്യപ്പാ!''

(ത്രൈയ്യക്ഷര ചൈതന്യ)

# വിഷയാനുക്രമണിക


| | | പുറം |
|---|---|---|
| 1. | പഞ്ചാർച്ചനം | 25 |
| 2. | അവതാരലീല | 27 |
| 3. | ഭാഗവതകീർത്തനങ്ങൾ | 31 |
| | **ശ്രീമദ് അയ്യപ്പഭാഗവതം** | 38 |
| **പ്രഥമകാണ്ഡം** | | 38 |
| | സൂതശൗനകസംവാദം | 41 |
| | അയ്യപ്പസ്വാമിയുടെ സ്വസ്വരൂപവർണ്ണന | 42 |
| | മഹിഷദാനവന്റെ ജനനം | 42 |
| | മഹിഷാസുരമർദ്ദിനിയുടെ അവതാരം | 45 |
| | മഹിഷാസുര നിധനം | 47 |
| **ദ്വിതീയ കാണ്ഡം** | | 51 |
| | മഹിഷിയുടെ സ്വർഗ്ഗാധിപത്യം | 51 |
| | മഹിഷി വൃത്താന്തം | 55 |
| | ബ്രഹ്മവാക്യം | 62 |
| | ശങ്കരസന്നിധിയിൽ | 62 |
| | പാൽക്കടൽ പ്രവേശം | 64 |
| | സുന്ദരമഹിഷോത്ഭവം | 66 |
| **ത്രിതീയ കാണ്ഡം** | | 70 |
| | മഹിഷി മഹിഷസമാഗമം | 70 |
| | അചലോത്ഭവം | 72 |
| | ഇന്ദ്രന് മുനിശാപം | 75 |
| | പാൽക്കടൽ മഥനം | 84 |
| | രാമനാമോല്പത്തി | 88 |
| | മോഹിനി അവതാരം | 92 |


സ്വാമിയേ ശരണം അയ്യപ്പാ!

**ചതുർത്ഥ കാണ്ഡം** 100
ശ്രീഭൂതനാഥാവതാരം 100
തിരുഅവതാര മുഹൂർത്തം 107
ഭഗവദ് നാമകരണം 110

**പഞ്ചമ കാണ്ഡം** 116
ശ്രീഭൂതനാഥന്റെ ഭൂലോകാഗമനം 116
ഭഗവാൻ പരിവേത്താവ് 120
പൊൻമണികണ്ഠൻ 121
പന്തളേശന്റെ നായാട്ട് 122
പുത്രലബ്ധി 124
ബാലമണികണ്ഠൻ പന്തളത്ത് 128
മണികണ്ഠ ലീലകൾ 130

**ഷഷ്ഠ കാണ്ഡം** 139
വിദ്യാസമ്പാദനം 139
ഗുരുദക്ഷിണ 141
രാജാഭിഷേകോദ്യമം 148
അഭിഷേകവിഘ്നം 151
നിലയ്ക്കൽ ശ്രീശിവപാർവ്വതി ക്ഷേത്രം 158
ശ്രീ പൊന്നമ്പലവാസൻ 175

**സപ്തമ കാണ്ഡം** 179
ശ്രീ ദക്ഷിണ കൈലാസം 180
മഹിഷിയുടെ ദ്വിതീയസ്വർഗ്ഗാവേശം 183
അമരന്മാരുടെ പമ്പാഗമനം 186
മഹിഷീമർദ്ദനം 190
പ്രസ്തരഗിരി 204
ശ്രീ വ്യാഘ്രാരൂഢൻ 212
അഗസ്ത്യാഗമനം 218

**അഷ്ടമ കാണ്ഡം** 223
നന്ദനാനുഗ്രഹം 224
പാപികൾക്ക് അനുഗ്രഹം 231

ശ്രീമദ് ശ്രീഭൂതനാഥഗീത സമാരംഭം 235
മായാവികാരം 240
പഞ്ചഭൂതങ്ങൾ 251
ആചാര്യലക്ഷണം 261
ശാസ്ത്രലക്ഷണം 263
കർമ്മലക്ഷണങ്ങൾ 267
വിദ്യാഭാവങ്ങൾ 274
ഭക്തിലക്ഷണങ്ങൾ 276
വർണ്ണഭേദങ്ങൾ 285
ആശ്രമങ്ങൾ 288

**നവമ കാണ്ഡം** 297
ശബരിമലയും ദിവ്യക്ഷേത്രവും 297
ദർശനവിധികൾ 303
ഭസ്മ വാപി 310
പതിനെട്ടാലയങ്ങൾ 311
ക്ഷേത്രസ്ഥാനനിർണ്ണയം 315

**ദശമ കാണ്ഡം** 320
ഭഗവത് അവതാരങ്ങൾ 321
അഗസ്ത്യോപദേശം 332
തിരുഗയാബലി 336

**ഏകാദശ കാണ്ഡം** 347
കുംഭദള തീർത്ഥം 347
ഭഗവത് അനുഗ്രഹം 359
യുഗചംക്രമണം 363
ത്രേതായുഗം 364
ദ്വാപരയുഗം 365
കലിയുഗം 366

**ദ്വാദശ കാണ്ഡം** 372
ആരണർക്ക് ഗൗതമ ശാപം 373
വിശ്വരൂപ ദർശനം 386

സ്വാമിയേ ശരണം അയ്യപ്പാ!

| | |
|---|---|
| **ത്രയോദശ കാണ്ഡം** | 394 |
| പമ്പാ മാഹാത്മ്യം | 394 |
| ഭഗവത് പൂജാവിധാനങ്ങൾ | 397 |
| **ചതുർദ്ദശ കാണ്ഡം** | 416 |
| മാമലക്ഷേത്രനിർമ്മാണ സംരംഭങ്ങൾ | 421 |
| പൊന്നമ്പല ദർശനഭാഗ്യം | 423 |
| സമ്മൂഢന്റെ ദുർഗ്ഗതി | 434 |
| ഭഗവത് വിഗ്രഹനിർണ്ണയം | 447 |
| ദിവ്യപ്രതിഷ്ഠ | 453 |
| ഭഗവത് അശരിരി | 459 |
| പന്തളാഗമനം | 465 |
| യുവരാജാഭിഷേകം | 467 |
| നാരദ ഭാഗ്യം | 473 |
| **ഫലശ്രുതി** | 482 |
| **സപ്താഹയജ്ഞ വിധികൾ** | 489 |
| **അനുബന്ധം** | |
| ദിവ്യനവാക്ഷരി - തൃപ്പതിനെട്ട് | 499 |
| സഹസ്രനാമ മാഹാത്മ്യം | 511 |
| ശ്രീഹരിഹരപുത്രസഹസ്രനാമസ്തോത്രം | 513 |
| അയ്യപ്പകീർത്തനങ്ങൾ | 527 |
| ശ്രീ അയ്യപ്പകവചം | 562 |
| ഹരിഹരസുതാഷ്ടകം | 563 |
| മംഗളസ്തുതി | 564 |

''ഓം സ്വാമിയേ ശരണം അയ്യപ്പാ!''

# ശ്രീമദ് അയ്യപ്പഭാഗവതം

''ഓം സർവ്വത്ര സ്വാമി നാമസങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!
''ഓം സർവ്വത്ര ഗോവിന്ദ ഗോപാല രാമ നാമ സങ്കീർത്തനം''
ഗോവിന്ദാ! ഹരി ഗോവിന്ദാ!
''ഓം സർവ്വത്ര ഗോവിന്ദ സുത നാമ സങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!
''ഓം സർവ്വത്ര ഗൗരീശങ്കര നാമസങ്കീർത്തനം''
ഓം നമഃശിവായ!
''ഓം സർവ്വത്ര ഗൗരീശങ്കര സുത നാമ സങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!
''ഓം സർവ്വത്ര ശ്രീദേവി നാമ സങ്കീർത്തനം''
ശ്രീ മഹാ ദേവീം ഭജേ!
''ഓം സർവ്വത്ര ശ്രീദേവി സുത നാമ സങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!
''ഓം സർവ്വത്ര ഹരിസുത നാമ സങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!
''ഓം സർവ്വത്ര ഹരസുത നാമ സങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!

''ഓം സർവ്വത്ര ഹരിഹരസുത നാമ സങ്കീർത്തനം''
ഓം സ്വാമിയേ ശരണം അയ്യപ്പാ!
ഓം സ്വാമിയേ ശരണം അയ്യപ്പാ!
ഓം സ്വാമിയേ ശരണം അയ്യപ്പാ!!!

ശുഭം

# സമർപ്പണം

മനുഷ്യജീവിതത്തിന്റെ നിജസ്ഥിതി മനസ്സിലാക്കിത്തരുന്നതിന് നവാക്ഷരി മന്ത്രസേവ (സ്വാമിയേ ശരണം അയ്യപ്പാ-യുടെ സേവ) ചെയ്തുപോരുന്ന അടിയന്റെ പ്രാർത്ഥന പതിനെട്ടിൻ പൊരുൾ പരദൈവം ശ്രീ അയ്യപ്പഭഗവാൻ കരുണാപുരസ്സരം ചെവിക്കൊണ്ടപ്പോൾ അടിയന്റുള്ളത്തിൽ ഉദ്ദീപിപ്പിച്ച ഭഗവത്ചരിതം - കലിയുഗ കാഠിന്യങ്ങൾ മുൻകൂട്ടി ദർശിച്ച ശൗനകാദി മുനീന്ദ്രന്മാർ നൈമിശാരണ്യത്തിൽ കലിയുഗ പിറവിക്ക് തൊട്ടു മുമ്പ് അനുഷ്ഠിച്ച സർവ്വശ്രീദായകമായ മഹാസത്രത്തിങ്കൽ പദംവെച്ചനുഗ്രഹിച്ച പരമജ്ഞാനി ശ്രീസൂതപൗരാണികനിൽ നിന്നും ശ്രവിച്ച സർവ്വവേദാന്തസാരമായ ശാസ്ത്രചരിതങ്ങൾ -കരുണാമയനായ നിന്തിരുവടിയുടെ നിയോഗമനുസരിച്ച് **ശ്രീമദ് അയ്യപ്പഭാഗവതം** ആയി വിരചിക്കുന്നതിന് സൗഭാഗ്യം കൈവന്നിരിക്കുന്നു. സർവ്വലോകേശനായി ചതുർയുഗചംക്രമണം നടത്തി പരിലസിക്കുന്ന പരംപൊരുൾ സർവ്വാനന്ദം ചൊരിയുകയാണ്; ശ്രീ അയ്യപ്പഭഗവാൻ ഭക്തജനദാസനാണ്! ആദിമദ്ധ്യാന്ത വിഹീനനാണ്! ചിന്മയനാണ്! ജഗന്മയനാണ്! സച്ചിദാനന്ദപ്പൊരുളാണ്!

മഹാപ്രഭോ! ഭഗവാനേ! പതിന്നാല് ലോകങ്ങളും ശ്രദ്ധയോട് സൃഷ്ടിച്ച് രക്ഷിച്ച് തന്നിൽ വിലയിപ്പിച്ച് വിരാചിച്ച് വാഴുന്ന താരകബ്രഹ്മമേ! വൻ ഫണീന്ദ്രരാൽ പതിനെട്ട് മഹാശൃംഗങ്ങളിൽ അക്ഷയനിധികൾ പാലിപ്പിച്ച് അതിൻ നടുവിൽ കലിയുഗദൈവമായി പ്രകാശിച്ച് കുടികൊള്ളുന്ന പഞ്ചഭൂതനാഥനേ! ശ്രീധർമ്മശാസ്താവേ! ശ്രീ നവാക്ഷരി നാഥാ! അവിടുത്തെ പാദാരപത്മങ്ങളിൽ ആശ്രയം തേടുന്ന

സാധുക്കളുടെ പാദദാസനായ ഈയുള്ളോൻ അവിടുത്തെ ചരിതസാരാംശങ്ങളായ ശ്രീമദ് അയ്യപ്പഭാഗവതവും അവിടുന്ന് കനിഞ്ഞരുളിയ ദിവ്യനവാക്ഷരിയും ഹരിഹരപുത്രസഹസ്ര നാമങ്ങളും കലിയുഗരക്ഷകളെക്കരുതി ഭഗവത് തൃപ്പാദങ്ങളിൽ തിരുവർച്ചനാ മലരുകളായിട്ട് സമർപ്പിച്ചുകൊള്ളട്ടെ; ഭഗവാനേ സ്വീകരിച്ചാലും; കൃപാകടാക്ഷം തൂകിയാലും!!! ഭഗവത് ഭക്തരായിട്ട് ആർക്കും നിത്യപാരായണത്തിനും വിധിപ്രകാരം സപ്താഹയജ്ഞത്തിനും ശ്രീമദ് അയ്യപ്പഭാഗവതം ഉപയോഗി ച്ചാൽ ഭഗവത് കടാക്ഷം ശതഗുണം തന്നെ!

ശ്രീസന്നിധാനം
കർക്കിടകം 1, 1168

അവിടുത്തെ ദാസാനുദാസൻ
**ത്രൈയ്യക്ഷര ചൈതന്യ**

# ശ്രീ മൈത്രേയ്യക്ഷര ചൈതന്യ



## ജീവിതം

ഏറിയാൽ നൂറിലൊതുങ്ങുമൊരായുസ്സിൽ
പാതിയും രാത്രിയായ് പോയ് മറയും.
പിന്നേടമമ്പതിൽ രണ്ട് ചതുരങ്ങൾ
ബാല്യ വാർദ്ധക്യങ്ങൾക്കായി മാറും.
ശേഷിച്ചൊരായുസ്സോ കാൽ നൂറ്റാണ്ടുള്ളതിൽ
യൗവനത്തള്ളലാൽ വേലിയേറ്റം;
നക്ര ചക്രങ്ങളും ചീറ്റും തിരകളും
ഏറ്റം തിമർക്കുമൊരാഴിപോലെ!
മാനവ ജീവിതം മായയിൽ മുങ്ങുന്ന -
തോർത്ത് വസിക്കുമോ മാനവരേ?
മാലുകൾ മാറ്റുവാൻ മംഗളശ്രീയാളാൻ
മാനവർ ശാസ്താവിൻ സേവ ചെയ്യൂ!

## ശ്രീ മൈത്രെയ്യക്ഷര ചൈതന്യ

കോട്ടയം ജില്ലയിൽ വാകത്താനം - മണികണ്ഠപുരം ഗ്രാമത്തിൽ വട ക്കേടത്ത് കരോട്ട് വാര്യത്ത് ശ്രീമതി ലക്ഷ്മിക്കുട്ടി വാരസ്യാരുടേയും പ്രശസ്ത മദ്ദള വിദ്വാൻ അരീപറമ്പ് ഗോവിന്ദവാര്യരുടേയും ഇളയ പുത്രനായി 16 ജനുവരി 1948-ൽ ജനിച്ചു. എസ്. ഗോവിന്ദവാര്യർ എന്നായിരുന്നു മാതാപിതാക്കൾ നൽകിയ നാമം. വാകത്താനം ഗവ. ഹൈസ്കൂളിലും ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേ ജിലുമായി ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കി. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. പോസ്റ്റൽ വകുപ്പിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചു.

മാതാപിതാക്കളോടൊപ്പം നടത്തിയ അയ്യപ്പ ക്ഷേത്രദർശനങ്ങ ളിലൂടെയും മാതാവ് പകർന്ന് നൽകിയ ഭക്തിസാന്ദ്രമായ കഥക ളിലൂടെയും ചിന്മുദ്രാധാരിയായ അയ്യപ്പരൂപം ബാലനായിരുന്ന ഗോവിന്ദവാര്യരുടെ ഉള്ളിൽ ഉപാസനാമൂർത്തിയായി പതിഞ്ഞു. അചഞ്ചലമായ അയ്യപ്പ ഭക്തിയും നവാക്ഷരീ ജപസാധനയും ശബ രിമല ക്ഷേത്രസന്നിധിയിലെ തപസ്സും അദ്ദേഹത്തെ മൈത്രെയ്യക്ഷര ചൈതന്യ എന്ന നാമധേയ സ്വീകരണത്തിന് പാത്രീഭൂതനാക്കി. വാഴൂർ തീർത്ഥപാദാശ്രമ മഠാധിപതി ആയിരുന്ന ശ്രീ ചിത്സ്വരൂപ തീർത്ഥപാദപരമഹംസ തിരുവടികളുടെ ആശീർവാദവും, ശാസ്ത്രപ ഠനവും തപസ്സിൽ നിന്നും തെളിഞ്ഞ അനുഭൂതിയും, സർവ്വോപരി അയ്യപ്പസ്വാമിയുടെ അനുഗ്രഹവും ശ്രീമദ് അയ്യപ്പ ഭാഗവതം എന്ന മഹദ് ഗ്രന്ഥത്തിന്റെ രചനയിലേയ്ക്ക് നയിച്ചു.

സകല ചരാചരങ്ങളിലും തന്റെ ഉപാസനാമൂർത്തിയായ അയ്യ പ്പസ്വാമിയെ മാത്രം ദർശിച്ച് ഏകവും അദ്വയവുമായ ആ അനുഭൂ തിയിൽ രമിച്ച ശ്രീ മൈത്രെയ്യക്ഷര ചൈതന്യ 17 ജൂൺ 2012-ൽ അയ്യ പ്പസ്വാമിയിൽ വിലയം പ്രാപിച്ചു.

പരശുരാമ ഭഗവാനാൽ പ്രതിഷ്ഠിതമായ, കോട്ടയം ജില്ലയിലെ പാക്കിൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലാണ് ഗ്രന്ഥകർത്താവ് അവ സാനമായി ശ്രീമദ് അയ്യപ്പ ഭാഗവത ജ്ഞാനയജ്ഞം നടത്തിയത്.

ഓം
സ്വാമിയേ ശരണം അയ്യപ്പാ!

# ശ്രീമദ് അയ്യപ്പഭാഗവതം

## പ്രസാധകക്കുറിപ്പ്

ശ്രീ ശബരീശന്റെ അപദാനങ്ങൾ ഏറ്റവും ശ്രേയസ്ക്കരമായും സുദീർഘമായും പ്രതിപാദിച്ചിട്ടുള്ള ഉത്തമ ഗ്രന്ഥമാണ് ''ശ്രീമദ് അയ്യപ്പഭാഗവതം''.

ഗ്രന്ഥകാരന്റെ ദീർഘകാലത്തെ അയ്യപ്പഭജനത്തിന്റെ ഫലമായി ഭഗവാൻ കനിഞ്ഞനുഗ്രഹിച്ച പ്രസാദമാണ് ഈ ഗ്രന്ഥം. ഭഗവത് സന്നിധിയിൽ ശയനപ്രദക്ഷിണം ചെയ്ത് നമസ്ക്കരിച്ചു കിടന്ന ഭക്തനോട് 'തന്റെ കഥ ഭാഗവതമായി ചമയ്ക്കണം' എന്നു ഭഗവാന്റെ അരുളപ്പാട് ഉണ്ടാകുകയും തുടർന്നുള്ള തപസ്സിന്റെയും ഉപാസനയുടെയും സർവ്വോപരി ഭഗവതനുഗ്രഹത്തിന്റെ ഫലവും കൂടി ആയപ്പോൾ കലിയുഗവരദനായ ശ്രീ ധർമ്മശാസ്താവിന്റെ കഥ സപ്താഹ രൂപേണ അവതരിപ്പിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള 'ശ്രീമദ് അയ്യപ്പഭാഗവതം' എന്ന ഗ്രന്ഥം രൂപപ്പെട്ടു. ഗ്രന്ഥകർത്താവ് ആചാര്യനായി അനേകം അയ്യപ്പഭാഗവതജ്ഞാനയജ്ഞങ്ങൾ കേരളത്തിനകത്തും പുറത്തും നടത്തിയിട്ടണ്ട്. ശ്രീമദയ്യപ്പ ഭാഗവതജ്ഞാനയജ്ഞം ഇദംപ്രഥമായി നടത്തിയത് എടത്വാ ആനപറമ്പാൽ ശ്രീധർമ്മശാസ്താക്ഷേത്രത്തിലാണ്.

ശ്രീഭൂതനാഥന്റെ അനുഗ്രഹത്താൽ രൂപപ്പെട്ട ഈ ഗ്രന്ഥം കലിയുഗ ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമാകും എന്നത് നിശ്ചയമാണ്. ഈ ഗ്രന്ഥത്തിലെ ''ശ്രീഭൂതനാഥഗീത'' സാധാരണ ജനങ്ങൾക്ക് ഈശ്വരതത്വം നിഷ്പ്രയാസം മനസ്സിലാക്കുവാൻ വളരെ ഉപകാരപ്രദമാകും. വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഇതിലെ 'ആശ്രമധർമ്മം' അവശ്യം വായിക്കേണ്ടതാകുന്നു. ബ്രഹ്മചര്യം എന്നത് ഏറ്റവും ലഘുവായും ഗംഭീരമായും ഭഗ

വാൻ തന്നെ കനിഞ്ഞ വരികളിൽകൂടി ഏറ്റവും ഹൃദ്യമായും ലളിതമായും എഴുതിയിരിക്കുന്നു.

വേദങ്ങളും സംസ്കൃത കൃതികളും പാരായണം ചെയ്യുവാനും പഠിക്കുവാനും സമയമില്ലാത്ത ഈ കലികാലത്ത് ആത്മതത്വം ഗ്രഹിക്കുവാൻ ഈ ഗ്രന്ഥം വളരെ പ്രയോജനപ്പെടും. സപ്താഹവിധികൾ ഈ ഗ്രന്ഥത്തിൽ ഭംഗിയായി ചേർത്തിരിക്കുന്നു.

ഈരേഴുപതിനാല് കാണ്ഡങ്ങളിലായി പതിനാലായിരം വരികളിൽ ശ്രീ അയ്യപ്പ ചരിതങ്ങളെ പ്രതിപാദിച്ചിരിക്കുന്ന ഉത്തമ ഗ്രന്ഥമാണ് അയ്യപ്പഭാഗവതം.

പ്രഥമ കാണ്ഡത്തിൽ സൂത ശൗനകസംവാദം, അയ്യപ്പസ്വസ്വരൂപവർണ്ണന, മഹിഷാസുരന്റെ ജനനം, ചണ്ഡികാവതാരം, മഹിഷാസുരനിധനം എന്നിവ അവതരിപ്പിച്ചിരിക്കുന്നു. മഹിഷിയുടെ സ്വർഗ്ഗാധിപത്യം, മഹിഷിവൃത്താന്തം, ബ്രഹ്മവാക്യം, പാലാഴി പ്രവേശം, വിഷ്ണുവാക്യം, സുന്ദരമഹിഷാവതാരം എന്നിവ രണ്ടാം കാണ്ഡത്തിലും മഹിഷിമഹിഷ സംഗമം, അചലോത്ഭവം, ഇന്ദ്രനേറ്റ മുനിശാപം, പാൽകടൽ മഥനം, രാമനാമോല്പത്തി, മോഹിനി അവതാരം എന്നിവ തൃതീയത്തിലും ചേർത്തിരിക്കുന്നു. ശ്രീഭൂതനാഥ സ്വാമിയുടെ **ദിവ്യമായ അവതാരം,** നാമകരണം എന്നിവ ചതുർത്ഥ കാണ്ഡത്തിലും ഭഗവാന്റെ ഭൂലോകാഗമനം, പരിവേത്താവ്, പന്തളേശന്റെ നായാട്ട്, മണികണ്ഠ ലീലകൾ എന്നിവ പഞ്ചമകാണ്ഡത്തിലും പ്രതിപാദിച്ചിരിക്കുന്നു. ഭഗവാന്റെ വിദ്യാഭ്യാസം, ഗുരുദക്ഷിണ, അഭിഷേക ഉദ്യമം, അഭിഷേക വിഘ്നം, **പൊന്നമ്പലവാസൻ** എന്നിവ ഷഷ്ഠത്തിലും ദക്ഷിണ കൈലാസം, മഹിഷിയുടെ ദ്വിതീയ സ്വർഗ്ഗാവേശം, അമരൻമാരുടെ പമ്പാഗമനം, മഹിഷീമർദ്ദനം, പ്രസ്ഥരഗിരി, അഗസ്ത്യാഗമനം എന്നിവ സപ്തമത്തിലും ചേർത്തിരിക്കുന്നു. നന്ദനാനുഗ്രഹം, ശ്രീഭൂതനാഥഗീത, മായാവികാരം, പഞ്ചഭൂതങ്ങൾ, ഭക്തിലക്ഷണങ്ങൾ, വർണ്ണാശ്രമങ്ങൾ തുടങ്ങിയവ അഷ്ടമത്തിലും ശബരിമല ദിവ്യക്ഷേത്രം, ദർശനവിധികൾ, ഭസ്മവാപി, പതിനെട്ട് ആലയങ്ങൾ എന്നിവ നവമത്തിലും അവതരിപ്പിച്ചിരിക്കുന്നു. അഗസ്ത്യോപദേശം, തിരുഗയാബലി എന്നിവ ദശമത്തിലും കുംഭദളതീർത്ഥം, ഭഗവതനുഗ്രഹം,

യുഗചംക്രമണം എന്നിവ ഏകാദശത്തിലും ഗൗതമശാപം, **വിശ്വരൂപദർശനം** എന്നിവ ദ്വാദശത്തിലും വിസ്തരിച്ചിരിക്കുന്നു. പമ്പാ മാഹാത്മ്യം, ഭഗവത്പൂജാവിധാനങ്ങൾ എന്നിവ ത്രയോദശകാണ്ഡത്തിലും ക്ഷേത്രനിർമ്മാണോദ്യമം, പൊന്നമ്പല ദർശനം, ഭഗവത് വിഗ്രഹനിർണ്ണയം, പ്രതിഷ്ഠ, ഭഗവത് അശരീരി, പന്തളാഗമനം, യുവരാജാഭിഷേകം, നാരദഭാഗ്യം എന്നിവ ചതുർദ്ദശത്തിലും ഭംഗിയായി വിവരിച്ചിരിക്കുന്നു.

''മറ്റൊന്നിനും ശക്തിയില്ലാത്ത ഞാനഹോ
ഉറ്റവനായി നിന്നെയല്ലാതെ
മറ്റൊന്നു കിട്ടാതെ കാണാതെ
സത്ഗുരുപാദത്തിൽ മുട്ടിടുമ്പോൾ
മമ ചിത്തം നിറഞ്ഞ നീ വിത്തമായ്
എന്നുടെ വിദ്യയായ്
സർവ്വമാം സ്വത്തുമായ്
മഹാശക്തിയായ് ദൈവമായ്
ബന്ധുവായ് സ്വന്തമായ്
സന്തതമുള്ളത്തിൽ നിൻതിരുബന്ധം
നിറച്ച ഭഗവാനേ!''

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വരികളിൽ നിന്ന് ഗ്രന്ഥകാരൻ അയ്യപ്പനെ എത്രമാത്രം ആശ്രയിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാം.

ഹൃദ്യമായും, ലളിതമായും അയ്യപ്പ തത്വത്തെ പ്രതിപാദിച്ചിരിക്കുന്ന ഈ മഹത്ഗ്രന്ഥം മാനവരാശിക്ക് സർവൈശ്വര്യങ്ങളെയും പ്രദാനം ചെയ്യുമെന്നുള്ളത് നിസ്തർക്കമാണ്! ശ്രീ അയ്യപ്പ സ്വാമിയുടെ കൃപാകടാക്ഷം നമ്മെയൊക്കെ അനുഗ്രഹിക്കട്ടെ!

*അത്യപൂർവ്വമായ ഈ ഗ്രന്ഥത്തിന്റെ ആറാം പതിപ്പ് ശ്രീ ശബരി ഗിരീശന്റെ തൃപ്പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.*

ബാംഗ്ലൂർ — *പ്രസാധകർ*
(1196 വൃശ്ചികം 1)
(2020 നവംബർ 16)

സ്വാമിയേ ശരണം അയ്യപ്പാ!

''ഓം മഹാസ്വാമിയേ ശരണം അയ്യപ്പാ''

# ഒരു പരമയോഗിയുടെ അനുഗ്രഹസന്ദേശം

ഈ ഭൂഗോളത്തിലുള്ള സർവ്വ മനുഷ്യരുടെയും, സർവ്വ പ്രശ്നങ്ങളും അവസാനിച്ച് പരിപൂർണ്ണ സ്വാതന്ത്ര്യത്തെ പ്രാപിക്കണമെങ്കിൽ മനസ്സുകൊണ്ടും, വാക്കുകൊണ്ടും, ശരീരംകൊണ്ടും ബ്രഹ്മചര്യ നിഷ്ഠയോടുകൂടി ജീവിക്കണമെന്ന് അല്ലയോ ശബരിഗിരീശ്വരാ! അവിടുന്ന് കാരുണ്യപൂർവ്വം ഉപദേശിച്ച് അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഈ കലിയുഗത്തിൽ ബ്രഹ്മചര്യനിഷ്ഠയുടെ മാഹാത്മ്യം ഉപദേശിച്ച് അനുഗ്രഹിക്കുന്ന ശബരിഗിരീശ്വരന്റെ തൃപ്പാദപത്മങ്ങളിൽ അടിയങ്ങൾ എപ്പോഴും സാദരം നമസ്ക്കരിക്കുന്നു.

ശബരിഗിരീശ്വരഭക്തനായ ശ്രീമദ് മൈത്രെയ്യക്ഷരചൈതന്യ ''ശ്രീമദ് അയ്യപ്പഭാഗവതം'' നിർമ്മിച്ച് സച്ചിദാനന്ദ സ്വരൂപിയായ ശബരിഗിരീശ്വരനെ ആരാധിച്ചിരിക്കുന്നു. ആ മഹദ്ഗ്രന്ഥം നാമെല്ലാം വാങ്ങി പഠിച്ചാൽ ഈ നിമിഷം തന്നെ ബ്രഹ്മചര്യ നിഷ്ഠയുള്ളവരും ബ്രഹ്മജ്ഞാനികളുമായി തീരുമെന്നുള്ളതിൽ സംശയമില്ല.

ഈ ഭൂഗോളം ബ്രഹ്മചര്യനിഷ്ഠയുള്ളവരായ, ബ്രഹ്മജ്ഞാനികളെക്കൊണ്ട് നിറഞ്ഞാൽ പിന്നെ ലോകസമാധാനത്തിന് പോലീസും പട്ടാളവും, തിരഞ്ഞെടുപ്പും, അധാർമ്മികമായ കുടുംബാസൂത്രണവും വേണ്ടിവരികയില്ല. കൂടാതെ മതഭ്രാന്തും രാഷ്ട്രീയപാർട്ടി ഭ്രാന്തും ഇല്ലാതാകും. അങ്ങനെ എല്ലാംകൊണ്ടും കോടതികളുടെയും ആവശ്യം നേരിടുകയില്ല. കലിയുടെ വിളയാട്ടം തടയപ്പെടും!

മഹാത്മാഗാന്ധി ഭാവനചെയ്ത രാമരാജ്യം സംജാതമാകണമെങ്കിൽ - അങ്ങനെ ലോകസമാധാനം ഉണ്ടാകണമെങ്കിൽ - മനുഷ്യരെല്ലാവരും ബ്രഹ്മചര്യനിഷ്ഠയുള്ളവരും ബ്രഹ്മജ്ഞാനികളുമായേ മതിയാവൂ! ഇതിൽ യാതൊരു സംശയത്തിനും അവകാശമില്ല. അതിനാൽ പൊന്നുപതിനെട്ടാംപടികളുടെ മുകളിൽ സന്നിധാനം ചെയ്ത് ലോകത്തെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന പരബ്രഹ്മസ്വരൂപിയായ ശബരിഗിരി നാഥൻ "ശ്രീമദ് അയ്യപ്പഭാഗവതം" നിർമ്മിച്ച് മനുഷ്യമനസ്സിനെ പരിശുദ്ധമാക്കുന്ന, ലോകസേവ നടത്തുന്ന ശ്രീമദ് ത്രൈയ്യക്ഷര ചൈതന്യ (ശ്രീ. എസ്.ജി. വാര്യർ, മിഥിലാവാര്യം മണികണ്ഠപുരം, വാകത്താനം, ചങ്ങനാശ്ശേരി താലൂക്ക്, കോട്ടയം ജില്ല, കേരളം) ആയുരാരോഗ്യ സമ്പൽസമൃദ്ധിയോടു കൂടി ജീവിച്ച്, ധർമ്മാർത്ഥകാമ മോക്ഷങ്ങളെ പ്രാപിക്കുന്നതിനുവേണ്ടി, ശബരിഗിരീശ്വരാ! ഭഗവാനേ! അവിടുന്ന് അനുഗ്രഹിക്കേണമേ! എന്ന് ഈ സാധു അപേക്ഷിക്കുന്നു.

ശബരിഗിരീശ്വരപാദപത്മങ്ങളിൽ സർവ്വദാ-സർവ്വത്ര ദണ്ഡനമസ്ക്കാരങ്ങൾ ശ്രദ്ധയോടും ഭക്തിയോടും കൂടി ചെയ്തുകൊണ്ട്,

ഹരിഹരസുതനാനന്ദ ചിത്തൻ
അയ്യനയ്യപ്പ സ്വാമിയേ ശരണം അയ്യപ്പാ!

അമ്മ മാളികപ്പുറത്ത് വാഴും
സർവ്വേശ്വരി ദേവി ലോകമാതാവേ
ശരണം അയ്യപ്പാ; ജപിച്ചുകൊണ്ട്,

ശ്രീ തീർത്ഥപാദാശ്രമം,
ശ്രീ തീർത്ഥപാദപുരം,
വാഴൂർ, കോട്ടയം, കേരളം
24-9-1990

സർവ്വലോക ക്ഷേമാശംസി
**ശ്രീ ചിത്സ്വരൂപതീർത്ഥപാദ**
**പരമഹംസ സ്വാമികൾ**
(മഠാധിപതി)

''ഓം സ്വാമിയേ ശരണം അയ്യപ്പാ''

# ശ്രീമദ് അയ്യപ്പ ഭാഗവതം
# അനുഗ്രഹസന്ദേശം

ബഹുമാന്യരായ ഭക്തജനങ്ങളേ; അമൃതസ്വരൂപികളേ; സനാതന ധർമ്മവിശ്വാസികളേ; മഹാത്മാക്കളേ:

പരമകാരുണികനും ഭക്തജനദാസനും ആപത് ബാന്ധവനും ത്രിമൂർത്തിപ്പൊരുളും താരകപരബ്രഹ്മവും സർവ്വലോകേശനും ആയ ശ്രീ അയ്യപ്പഭഗവാന്റെ വരദാനമായിട്ട് കലികാലമാനവർക്ക് ലഭ്യമായിരിക്കുന്ന വരപ്രസാദമാണ് ശ്രീമദ് അയ്യപ്പ ഭാഗവതം. നവാക്ഷരി സേവയിലൂടെ മാത്രം എളിയ ജീവിതം നയിക്കുന്ന ഭഗവത് ദാസാനുദാസനായ ശ്രീമദ് ത്രൈയ്യക്ഷര ചൈതന്യയിലൂടെയാണ് ശ്രീ ഭഗവാൻ ഭക്തലോകത്തിന് ശ്രീമദ് അയ്യപ്പഭാഗവതം അനുവദിച്ചിട്ടുള്ളത്. എന്റെ അറിവിൽ ഭൗതികമായ കഴിവുകളും പാണ്ഡിത്യവും മറ്റ് പിൻബലങ്ങളും കൈമുതലില്ലാതെയുള്ള ഒരു വ്യക്തിക്ക് ലോകോപകാരപ്രദമായുള്ള ഒരു ഉത്കൃഷ്ടഗ്രന്ഥം ചമയ്ക്കുവാൻ സാധിച്ചത് സീമാതീതമായ ഭക്തിയും അചഞ്ചലമായ ധർമ്മാനുഷ്ഠാനവും സർവ്വോപരി നവാക്ഷരീസേവയും ഉള്ളതുമൂലം മാത്രമാണ്.

സർവ്വാഭീഷ്ടദായകനായ ശ്രീ അയ്യപ്പസ്വാമി ആരെ ഏതു പന്ഥാവിലൂടെ നയിക്കുന്നുവെന്ന് ആ ദിവ്യ കാരുണ്യമൂർത്തിയോട് മനസ്സ് ബന്ധിപ്പിക്കുമ്പോൾ മാത്രമാവും അറിയുവാൻ സാധിക്കുക!

ഭക്താമൃതസാഗരമായി - ഭാഗവതമായി - പരംപൊരുളിന്റെ തിരു അവതാര സംഹിതകൾ - രാഗാദിയാറ് ശത്രുക്കളുടെ നടുവിൽപ്പെട്ട് അമരുന്ന നമ്മൾക്ക് എന്നെന്നും അമൃതാസ്വാദനം നൽകുക തന്നെ ചെയ്യും.

സ്വാമിയേ ശരണം അയ്യപ്പാ!

പരമ തപസ്വിയും ബ്രഹ്മജ്ഞനും ലോകക്ഷേമാശംസിയും ആയ ശ്രീ തീർത്ഥപാദാശ്രമം (വാഴൂർ) മഠാധിപതി പൂജനീയ ബ്രഹ്മശ്രീ ചിത്സ്വരൂപ തീർത്ഥപാദ പരമഹംസ സ്വാമി തിരുവടി കളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കും അനുഗ്രഹങ്ങൾക്കും പാത്രീഭൂതനായ ത്രൈയ്യക്ഷരചൈതന്യയാൽ വിരചിതമായ ശ്രീമദ് അയ്യപ്പഭാഗവതം ഭക്തലോകസമക്ഷത്തിലേക്ക് ഭഗവത നുഗ്രഹത്തിനായി സമർപ്പിക്കുമ്പോൾ ഹൃദ്യവും ലളിതവും സ്നിഗ്ദ്ധവും സുവിദിതവുമായുള്ള മഹാമന്ത്രം ദിവ്യനവാക്ഷരി ജപിക്കുവാൻ മാത്രമേ ഈയുള്ളവന് ശക്തിയുള്ളു: ''സ്വാമിയേ ശരണം അയ്യപ്പാ''!

അനന്യവും അന്യാദൃശവും അത്യനുഗ്രഹപ്രദവും ആയ ഈ മഹത്ഗ്രന്ഥം കലിയുഗത്തിന് മുഴുവൻ കൺമണി തുല്യമായിരിക്കും; ശ്രീമദ് അയ്യപ്പഭാഗവതം ഭാവിലോകർക്ക് കൈവരുത്തുന്ന ഭാഗ്യസ്രോതസ്സുകൾ അനിർവ്വചനീയമായി രിക്കും. ഏഴ് രണ്ട് ഉലകങ്ങൾക്കും ഏകനാഥനായുള്ള ശ്രീ അയ്യപ്പഭഗവാൻ ശ്രീ ധർമ്മശാസ്താവായി - ശ്രീ പരായഗുപ്തനായി - ശ്രീ ആര്യതാതനായി - ശ്രീഭൂതനാഥനായി ഭക്തമാനസങ്ങളിൽ ശ്രീകോവിൽ ചമച്ച് വാണരുളുന്നു!!! ഭക്തജനങ്ങളുടെ മനോഭി ലാഷങ്ങൾ ശ്രീഭഗവാൻ സാധിപ്പിക്കുന്നു! വരദാനപ്രഭുവായ തന്തിരുവടിയുടെ തിരുവവതാരചരിതങ്ങൾ പരമജ്ഞാനിയും ത്രികാലജ്ഞനും വേദവ്യാസശിഷ്യനും ആയ ശ്രീ സൂതപൗരാണി കൻ ശൗനകാദി മഹർഷിമാർക്ക് അരുളിചെയ്യുന്നതാണ് ഈ ഉത്തമ ഗ്രന്ഥം.

കലികരാളത്വങ്ങൾ മുൻകൂട്ടി കണ്ട് തത്പരിഹാരാർത്ഥം ദ്വാപരയുഗാന്ത്യത്തിൽ നൈമിശാരണ്യത്തിൽ അനുഷ്ഠിക്കപ്പെട്ട മഹാസത്രത്തിങ്കൽ പദംവെച്ചനുഗ്രഹിച്ച ശ്രീ സൂതജ്ഞാനി മുനീ ന്ദ്രന്മാരെ കേൾപ്പിച്ചപ്പോൾ പരിപൂർണ്ണാനന്ദം സമ്പൂർണ്ണമായി അനുഭവിക്കുവാൻ ശ്രീ അയ്യപ്പഭഗവത് ചരിതശ്രവണത്തി ലൂടെ ശൗനകാദികൾക്ക് സൗഭാഗ്യമുണ്ടായി. തദനന്തരം ബ്രഹ്മജ്ഞരായ ശൗനകാദികൾ പരമപദം പൂകുകയും ചെയ്തു. അതിമഹത്തും ധന്യവുമായ ഭഗവത്കഥകൾ എളിയ ഭക്തനായ ത്രൈയ്യക്ഷരചൈതന്യ ശ്രീമദ് ഭാഗവതം ആയി രചിച്ചിട്ടുള്ളത്

ചിന്തിക്കുകിൽ നമ്മുടെ സൗഭാഗ്യം!! നിത്യപാരായണത്തിനും സപ്താഹയജ്ഞത്തിനും ഉപയുക്തമാവുന്നതിനാണ് ഗ്രന്ഥകർത്താവ് പ്രാർത്ഥിക്കുന്നത്.

സർവ്വവേദങ്ങളുടെയും സാരമായിട്ട് പരമതത്വങ്ങൾ ശ്രീഭൂതനാഥ പ്രഭു പിതാവിന് ശ്രീമദ്ശ്രീഭൂതനാഥ ഗീത എന്ന പേരിൽ ഉപദേശിക്കുന്ന സംഹിതകൾ അയത്നലളിതമായി നമുക്കു വേണ്ടി ഗ്രന്ഥകാരൻ ഭാഗവതത്തിൽ ചേർത്തിരിക്കുന്നു. പ്രാരംഭത്തിലുള്ള സർവ്വഭൂതസൗഖ്യ പ്രാർത്ഥന മുതൽ ഗ്രന്ഥാവസാനംവരെ ശ്രീഭഗവാന്റെ തിരുപ്രത്യക്ഷീഭവിക്കൽ മാത്രമായിട്ടായിരിക്കും പരമഭക്തർക്ക് ശ്രീമദ് അയ്യപ്പഭാഗവതം ഭവിക്കുക. ധർമ്മത്തിന് ബൃഹത്തും ലളിതവുമായ വ്യാഖ്യാനങ്ങൾ നൽകി ആരാണ് ധർമ്മിഷ്ഠർ? ആരാണ് ധർമ്മശാസ്താവ്? എന്ന് നിസ്സന്ദേഹം ഗ്രന്ഥകാരൻ പറയുമ്പോൾ, അഹോ; ഭക്തിക്ക് ഭഗവാൻ കനിയുന്ന പ്രതിഫലങ്ങൾ! ഭഗവതനുഗ്രഹം പമ്പാതുല്യം പരന്നൊഴുകുവാൻ ശ്രീമദ് അയ്യപ്പഭാഗവതം മാത്രമാണ് പോംവഴി എന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ സൂതജ്ഞാനിയാൽ കലി സംഹാരോപാധിയായി ശൗനകർക്ക് ലഭിച്ചതും കലിയുഗവരദന്റെ ദാസാനുദാസനായ ത്രൈയ്യക്ഷരചൈതന്യയിലൂടെ നമുക്ക് കരഗതവുമായിരിക്കുന്ന പരംപൊരുൾ ചരിതാമൃതം ശ്രീമദ് അയ്യപ്പഭാഗവതം കലികാല ദുരിതങ്ങൾ പേറേണ്ടിവരുന്ന മാനവർക്ക് കൈക്കൊണ്ട സിദ്ധൗഷധം തന്നെ. എന്താണ് നവാക്ഷരിയും പതിനെട്ടിൻ തത്വങ്ങളും എന്ന് ഭഗവാൻ ഭക്തനിൽ ഉദ്ദീപിപ്പിച്ചിട്ടുള്ള തത്വസാരങ്ങളും ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. കലിയുഗാരംഭത്തിൽ ഭഗവത് നിയോഗേന രാജശേഖരപ്പെരുമാൾ താരകപരബ്രഹ്മക്ഷേത്രം ഘോരാരണ്യ നിബിഡമായ ശബരീശൃംഗങ്ങളുടെ മദ്ധ്യേ പണികഴിപ്പിച്ചു. ഭഗവത്സ്വരൂപി ശ്രീപരശുരാമഭഗവാൻ ഭഗവത് തിരുമൂർത്തി തദ്ക്ഷേത്രത്തിൽ പ്രതിഷ്ഠ ചെയ്തു. തദവസരത്തിൽ ശ്രീപരായഗുപ്തൻ പരശുപാണിയിൽ ഉദിപ്പിച്ച ഭഗവത് സഹസ്രനാമങ്ങളും മാഹാത്മ്യത്തോടുകൂടി ഗ്രന്ഥാനുബന്ധം ആയി ഉൾക്കൊള്ളി

ച്ചിരിക്കുന്നു. ശ്രീ ഭഗവാന്റെ കൃപാകടാക്ഷാധിരേകത്താൽ 'സജ്ജനഹൃദയാ വാസ്സ; സർവ്വലോകേശ്വരായ നമഃ' എന്ന പരമമായ പ്രാർത്ഥന കൂടി സഹസ്രനാമ സമർപ്പണമായിട്ട് ശ്രീ മദ് ത്രൈയ്യക്ഷരചൈതന്യയിലൂടെ ഭഗവാൻ കനിഞ്ഞതുകൂടി മനസ്സിലാവുമ്പോൾ ശ്രീധർമ്മശാസ്താവിന്റെ ഭക്തജന വാത്സല്യം അനന്തമജ്ഞാതമവർണ്ണ നീയം!!

കാലാനുകാലം ലോകോപകാരങ്ങൾക്കായി ഉൽക്കൃഷ്ടമാനസർ ഭൂമിയിൽ ഉദയം കൊള്ളുന്നു. ഏഴ് രണ്ടു ലോകേശ്വരൻ ഉത്തമഭാവങ്ങൾ അവരിലൂടെ ഉദിപ്പിക്കുന്നതിന്റെ ഉത്തമോദാഹരണം തന്നെയാണ് ഏഴ് രണ്ട് കാണ്ഡങ്ങളിൽ ഏഴ് രണ്ടായിരം വരികളിലൂടെയുള്ള ഭഗവത് കഥാമൃതം 'ശ്രീമദ് അയ്യപ്പഭാഗവതം'. എന്ത് സുകൃതാധിരേകം!!! ഭക്തപാലകനായ ശ്രീ അയ്യപ്പഭഗവാനെ മാനസം നിറച്ച് ശ്രീമദ് അയ്യപ്പഭാഗവതത്തിലൂടെ സമസ്ത ജീവരാശികളേയും അനുഗ്രഹിക്കുമാറാകണമേ എന്ന് നിന്തിരുപാദാംബുജങ്ങളിൽ നമിച്ച് പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

സകല ജീവേശ്വരദാസൻ അവിടുത്തെ തൃപ്പാദഭക്തൻ,

**ബ്രഹ്മശ്രീ സച്ചിദാനന്ദസരസ്വതി സ്വാമികൾ**

ശ്രീജ്ഞാനാനന്ദ സേവാശ്രമം

കോട്ടയം - 686032

# പ്രാർത്ഥന

ദൈവമേ ശ്രീ അയ്യപ്പാ
ദൈവമേ ഭക്തവത്സലാ
ദൈവമേ നിന്റെ കാരുണ്യം
ദീർഘകാലം വരേണമേ
വിഷ്ണുഭഗവാൻ വിരിഞ്ചാദി വന്ദിതൻ
ശ്രീ അയ്യനെ സേവിച്ചുകൊൾവിൻ എല്ലാവരും
നല്ലതതുകൊണ്ടൊഴിഞ്ഞു മറ്റൊന്നിനാൽ
ഇല്ലാ വരുത്താവതാർക്കും ഒരിക്കലും
നല്ലവണ്ണം വരുത്തേണമേ ദൈവമേ!
വല്ലായ്മയെല്ലാം ക്ഷമിച്ചരുളേണമേ!
തുല്യതരമാത്മ ഭിന്നഗ്രഹങ്ങളും
ഉള്ളിലൊരുമിച്ച് നിന്നു തോന്നേണമേ
നമ്മളെ ഒന്നിച്ചു കാത്തുരക്ഷിക്കട്ടെ
നമ്മളെ ഒന്നായ് ഫലം ഭുജിപ്പിക്കട്ടെ
നമ്മൾക്ക് യോജിച്ച് വീര്യമുണ്ടാകട്ടെ
നമ്മുടെ വിദ്യ തേജസ്വിയായി തീരട്ടെ
ദ്വേഷിച്ചിടാതിരിക്കട്ടെ പരസ്പരം;
ഈഷലും നമ്മൾ, ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

'ഓം സ്വാമിയേ ശരണം അയ്യപ്പാ!'

ഹരി: ശ്രീ ഗണപതയേ നമ: അവിഘ്നമസ്തു

അഥ

# ശ്രീമദ് അയ്യപ്പഭാഗവതം

## പ്രഥമകാണ്ഡം

**വിഘ്നേശ്വരസ്തുതി:**

കൈലാസാചലപതിയാകുന്ന ഭഗവാന്റെ
കൈകളാൽ ലാളിച്ചിടും ദ്വൈമാതുരഭഗവാനാം
ശ്രീഗണേശനായിതാ ദണ്ഡമാം നമസ്ക്കാരം
ദണ്ഡനാശനത്തിനായ് അടിയൻ ചെയ്തീടുന്നേൻ.

**സരസ്വതിസ്തുതി:**

വീണാപാണിയാം നീലവേണിയാൾ സരസ്വതി
വീണാഗാനമായ് മമ നാവിതിൽ വസിക്കേണം
ഈണമായ് ഓരോ വാക്കും തോന്നേണേ ഭഗവതി
ഈണമായ് നടനങ്ങൾ നാവിന്മേൽ തുടർന്നീടൂ!

**ആചാര്യസ്തുതി:**

അന്ധകാരാരി ഗുരു എൻപുമാൻ മനതാരിൽ
സന്തതം വസിക്കേണേ! മംഗളം വരുത്തേണേ!
ചിന്തയായ് പോലും തവ ചിന്തയെന്യേ മമ
അന്തരംഗത്തിൽ മറ്റ് ചിന്തകൾ വരുത്തല്ലേ!

**ആസ്ഥാനദേവതാസ്തുതി:**

പൊൻമണിയണിഞ്ഞങ്ങ് വെൺമയായ് പട്ടുംചുറ്റി
പെൺമണിയാളാം ലക്ഷ്മി കൺകളിൽ കുളിരേകി,
ഉൺമയായ് പുൽകുന്നേരം മന്ദമായ് സ്മിതമൂറും
പെൺമണി രമാദേവിക്കേകനാം നാഥാ! ദേവാ!
മണ്ണിതിൽ വിണ്ണിൻതുല്യം മണ്ണിനെ നിനയ്ക്കുകിൽ
കണ്ണൻ തൻ മണികണ്ഠപുരമാം മഹാദേശം;
അമ്മഹാസ്ഥലം തന്നിൽ ജന്മത്തെക്കനിഞ്ഞൊരു
അംബുജവിലോചനാ! സന്തതം നമസ്ക്കാരം!

ലോലചേതസ്സാ ലോകർ ശോകരായ്ച്ചമയുമീ-
ലോകത്തിൽ ദുരിതങ്ങൾ ഏറുമീക്കലികാലം,
ശോകവാരിധിക്കുള്ളിൽ പെട്ടുപോയടിയന്റെ
ശോകസഞ്ചയങ്ങളെ വാരണം ചെയ്‌വാൻ ചെറ്റ്
ചേതസ്സിൽ കിരണത്തിൻ സ്ഫുരണം കനിഞ്ഞോനാം
താരകപരബ്രഹ്മം ശ്രീ അയ്യപ്പഭഗവാന്റെ
പാദദാസനായുള്ളോരടിയന്റുള്ളത്തിങ്കൽ
പാപഭഞ്ജനാ! സ്വാമി! പാരാതിന്നിരുന്നീടൂ!
പങ്കജേക്ഷണൻ തന്റെ തങ്കമാം ഭഗവാനേ!
ശങ്കരേശ്വരാ! ദേവാ! ശബരിഗിരീശ്വരാ!
സങ്കടനിവാരണാ! സന്താപാന്തകാ! ദേവാ!
ശങ്കരീദേവിക്കെന്നും പ്രിയനാം ഭഗവാനേ!
പങ്കചിത്തരാം മർത്ത്യസഞ്ചയങ്ങളെയങ്ങ്
തങ്കചിത്തരാക്കീടും തമ്പുരാൻ മഹാദേവാ!
തങ്കാഭ പ്രഭതൂകും തമ്പുരാൻ ശബരീശാ!
തങ്കലേയ്ക്കാക്കൂ ഘോരാതങ്കസഞ്ചയം സ്വാമീ!
ഘോരനാം കലി തന്റെ ക്രൂരമാം വിനോദങ്ങൾ
തോരാതെ തുടരുന്നൂ; ദുരിതം പെരുകുന്നൂ!
പാരിതിൽ കലിഹന്താവായ് വന്നവതാരം
പാരാതെ ഭഗവാനും പാലിച്ചു മഹാഭാഗ്യം!
ഇക്കലിക്കഹംകൃതി തീർക്കുവാനവതാരം
ഇമ്മഹീതലത്തിങ്കൽ ധരിച്ച ഭഗവാനേ!
ത്വത് പാദദാസദാസനായുള്ളോരടിയന്റെ
അല്പത്വങ്ങളെ ആകെയകറ്റി കനിവോട-
ച്ച്യുതസുതനാകും ത്വന്മഹാ ചരിതത്തെ
ഇമ്മഹീതലർക്കായി രചിക്കാൻ കഴിവേകൂ
ഇമ്മഹീലോകർക്കെല്ലാം നന്മകളേകൂ നിത്യം
ഇക്കലിക്കഹംകൃതി ഒടുക്കി കൃപയേകൂ!
നമസ്തേ! മോഹിനീ സൂനോ! ലോകേശാ! മഹാദേവാ!
നമസ്തേ! ഭസ്മപ്രിയാ! ആപത്ബാന്ധവാ! നാഥാ!
മർത്ത്യചിത്തത്തെയെല്ലാം സത്യപന്ഥാവിൽക്കൂടി
നിത്യവും ചരിക്കുവാൻ കനിയൂ ഭഗവാനേ!

സ്വാമിയേ ശരണം അയ്യപ്പാ!

'ഓം സ്വാമിയേ ശരണം അയ്യപ്പാ!'

# ദ്വിതീയ കാണ്ഡം
# മഹിഷിയുടെ സ്വർഗ്ഗാധിപത്യം

'ഓം നമോ ഭഗവതേ ശ്രീഭൂതനാഥായഃ'

ധർമ്മശാസ്താവിൻ പ്രിയ ഭക്തരാം ശൗനകേശ്വരർ
സാനന്ദം ഭഗവാനെ ഉള്ളത്തിലേറ്റിക്കൊണ്ട-
ത്യാനന്ദപൂർവ്വം സൂതജ്ഞാനിയെ നമസ്ക്കരിച്ച്
ആനന്ദം നുകർന്നീടാൻ സാമോദം ചോദ്യം ചെയ്താർ.
'ചൊല്ലിടൂ മഹാഭാഗൻ! ശാസ്താവിൻ ചരിതങ്ങൾ
വല്ലായ്മയെല്ലാം പോക്കാനാകാംക്ഷ മുഴുക്കയാൽ'
വല്ലഭമെഴുന്നോരാം ശൗനകേശ്വരർ ചൊല്ലാൽ
വല്ലഭനാകും പരൻ ശ്രീഅയ്യപ്പപാദങ്ങളിൽ
നല്ലതായ് മനക്കാമ്പ് ചേർത്തുടൻ സൂതജ്ഞാനി
വല്ലഭൻ ഭഗവാന്റെ ചരിതങ്ങളരുളിനാൻ.
അഗ്രജൻ ദേഹാന്തത്തെ കേട്ടതികോപത്തോ-
ടുഗ്രയാം കരംഭിക വേപഥുശരീരയായ്
ദാനവകുലാചാര്യനായിടും ശുക്രൻ തന്റെ
ആശ്രമമണഞ്ഞുടൻ സങ്കടം ചൊല്ലീടിനാൾ!
'മൽ പിതൃഭ്രാതാസുതനാകിയ മഹിഷനെ
നിഗ്രഹിച്ചോരു ദേവി-ദേവ സഞ്ചയത്തോട്
വൈകാതെ രണം ചെയ്തു വധിപ്പാനെളുതാകും
വൈഭവങ്ങളെ ഗുരോ! അരുളിച്ചെയ്യേണമേ'!
ശിഷ്യയിൽ സംപ്രീതനായ് ശുക്രമാമുനി വേഗം
ക്ഷിപ്രാഭീഷ്ട സാധ്യർത്ഥം മന്ത്രോപദേശം ചെയ്താൻ.
മന്ത്രലബ്ധിയോടുടൻ ദാനവ കരംഭിക
വിന്ധ്യനാം ഗിരീന്ദ്രന്റെ സാനുവിലണഞ്ഞങ്ങ്
സൃഷ്ടികർത്താവാം പത്മസംഭവൻ പ്രസാദിപ്പാൻ
ഉഗ്രമാം തപം തന്നിൽ മുഴുകി മരുവിനാൾ
ദക്ഷിണപാദാംഗുഷ്ടം പൃഥ്വിയിലൂന്നിക്കൊണ്ടും

'ഓം സ്വാമിയേ ശരണം അയ്യപ്പാ!'

# ത്രിതീയ കാണ്ഡം
# മഹിഷീ മഹിഷ സമാഗമം

ഓം നമോ ഭഗവതേ ശ്രീഭൂതനാഥായഃ

നൈമിശാരണ്യനിവാസികളാകിയ മുനീന്ദ്രന്മാർ
സൂതനാൽ കഥിച്ചതാം മഹിഷീ വൃത്താന്തങ്ങൾ
സ്വർഗ്ഗാവേശവും പിന്നെ ശീഷ്പതി സംവാദങ്ങൾ
ബ്രഹ്മവാക്യവും മഹാദേവോപദേശങ്ങളും
പാലാഴി പ്രവേശവും ഭഗവത് പ്രസാദവും
സുന്ദരമഹിഷത്തിൻ ജനനോദ്ദേശ്യങ്ങളും
സുന്ദരൻ തന്നെ വിഷ്ണുവനുഗ്രഹിച്ചവാറും
സ്വർഗ്ഗത്തേക്കവൻ പോവാനാജ്ഞകൾ കൊടുത്തതും
സുപ്രമോദത്താൽ കേട്ട ശൗനകാദികൾ ചെമ്മേ
ശ്രീമഹാ പരബ്രഹ്മം താരക തൃപ്പാദങ്ങൾ
മാനസേ ചേർത്തിട്ടുടൻ സൂതനോടപേക്ഷിച്ചാർ;
സർവ്വകാലത്തിൻ പൊരുളറിയും മഹാഗുരോ!
സർവ്വജ്ഞാ! ഭവാനിപ്പോൾ അയ്യപ്പഭഗവാന്റെ
ധർമ്മപാലനാർത്ഥമായ് വിണ്ടതാമവതാര-
വൈഭവങ്ങളിൽ ശേഷമായുള്ള പൊരുളെല്ലാം
കൈതവങ്ങളെ പോക്കാൻ ആചാര്യവര്യാ ഭവാൻ
വൈഭവത്തോടെയരുൾ ചെയ്തീടു മഹാമതേ!
സാരമാം പരബ്രഹ്മം താരക ബ്രഹ്മത്തിന്റെ
സാരമാം കഥാസാരമൻപോട് സൂതജ്ഞാനി
പ്രിതനായ് ഭക്തന്മാരാം ശൗനകന്മാരോടുടൻ
സാരമായ് ചൊല്ലിത്തുടങ്ങിടിനാൻ മഹാഭാഗ്യം!

ത്രിമൂർത്ത്യംശം ദത്തൻ സുന്ദരമഹിഷമായ്
വൈഷ്ണവാനുഗ്രഹ പ്രാപ്തനായ് സ്വർഗ്ഗത്തെത്തി
തീക്ഷ്ണമായ് ശീൽക്കാരങ്ങളുതിർത്തു തുടങ്ങിനാൻ

# ദർശനവിധികൾ

ഇമ്പമായ് ബ്രഹ്മചര്യം പാലിച്ച് വാണീടുന്ന
കമ്പഹീനനാമൊരു ഗുരുവെ കണ്ടീടണം.
വന്ദനം നമസ്ക്കാരമിത്യാദി കർമ്മങ്ങളാൽ
ധന്യനാക്കണം മുൻപേ വന്ദ്യനാമാചാര്യനെ.
മൂന്ന് പാദങ്ങൾ ചേർന്ന മന്ത്രമാം നവാക്ഷരി
ചേർന്നോതി ഗുരുവിനാൽ മുദ്രയും ധരിക്കണം.
ഹാരത്തെ ശാസ്തൃപാദം ചേർത്തുടൻ പൂജിച്ചുള്ള
മാലയായിടും മുദ്ര എന്ന് ഞാൻ ചൊല്ലീടുന്നേൻ
ഹേമഹാരമോ വെള്ളിമാലയോ അതുമല്ല
ശ്രീമദാം രുദ്രാക്ഷത്തിൻ മാലയാകിലുമാകാം
കേവലം തുളസീമാല ആകിലും മഹത്തരം
ഭൂപാലോത്തമാ! ഭവാൻ മോദമായ് ശ്രവിച്ചാലും
ഓരോരോതരം ചൊന്ന മാലകളാമെങ്കിലും
പ്രീതിയുമെനിക്കേറും രുദ്രാക്ഷ തുളസികളിൽ.
മന്നവാ! മഹാപതേ! ഇങ്ങനെ മമ ഭക്തർ
ധന്യരായ് മുദ്രയേറ്റ് കറുപ്പും ധരിച്ചുടൻ
ഭംഗിയായ് ഭസ്മം ചാർത്തി ചന്ദനക്കുറി തൊട്ട്
എന്നുടെ വിചാരത്താൽ നിത്യകർമ്മങ്ങൾ പാർത്ത്
ധന്യരായ് വസിക്കേണം വന്ദ്യരായ് ഭവിച്ചീടാൻ;
പിന്നെയങ്ങില്ല മറ്റുള്ളല്ലല് ധരിച്ചാലും.
നിത്യവും പ്രാതഃകാലേ ഉണരും മമ ഭക്തർ
വ്യക്തമായ് ദിനകൃത്യങ്ങൾ കൃത്യമായ് നിനയ്ക്കേണം.
ശുദ്ധതോയത്തിൽ ഭാനുവുയരും മുമ്പു സ്നാനം
ശുദ്ധമായ് ചെയ്തീടണം മത്പ്രിയരായീടുവാൻ
ധന്യമാം നവാക്ഷരി സന്തതം ജപിക്കേണം
അന്യരെക്കാണുന്നേരം ധന്യരായ് വന്ദിക്കേണം.
സർവ്വഭൂതങ്ങൾക്കുള്ളിൽ എന്നെയും കണ്ടീടേണം.
ഗർവ്വഹീനരായ് കാര്യചിന്തനം ചെയ്തീടേണം.
സന്ധ്യകൾ തോറും ശുദ്ധസ്നാനവുമേറീടണം

''ഓം സ്വാമിയേ ശരണം അയ്യപ്പാ!''

# ശ്രീമദ് അയ്യപ്പഭാഗവതം

## ഫലശ്രുതി

ഹ്രസ്വമായ് ആയുസ് തീരുമീക്കാലത്ത്
ഹ്രസ്വമായ് എങ്കിലും ശാന്തി ലഭിക്കുവാൻ
ക്ലിഷ്ടരായ് ദീനരായ് ആർത്തരായ് മാനവർ
കഷ്ടതരം പണിപ്പെട്ടുഴന്നീടുന്നു!
മിണ്ടിടുന്നോരുടെ ശബ്ദമെല്ലാം അയ്യോ;
കർണ്ണകഠോര രവങ്ങളായ് തീരുന്നു!
കണ്ണിന് കാഴ്ചകളായിട്ട് ഹത്യകൾ
മണ്ണിതിൽ സർവ്വത്ര താണ്ഡവമാടുന്നു!
സത്യമില്ല ഹൃദിശുദ്ധിയില്ല ബഹു-
ഭക്ത്യാദരങ്ങളും ആർക്കും ഇല്ലാതെയായ്;
വാക്കിനാൽ നോക്കിനാൽ ഊക്കിനാലും
എന്റെ ആക്കമെല്ലാം എന്ന് ധൂർത്തർ നടിക്കുന്നു!
ധർമ്മച്ച്യുതികളാൽ അമ്മയാം ഭൂമിക്ക്
വൻ പരിതാപങ്ങൾ ഏറ്റി രസിക്കുന്ന
മർത്ത്യരാൽ പാലിതനാകും കലി തന്റെ
കർത്തവ്യമെല്ലാം ഉരത്തമായ് ഏറ്റുന്നു!
എങ്ങുമേ ദുർന്നയം ഏറി വന്നീടുമ്പോൾ
അമ്മയാം ധാത്രി മാറത്തലച്ചീടുന്ന-
സന്താപ ദായിയാം ഭാവങ്ങൾ കാണുമ്പോൾ
സന്താപം എന്നുള്ളിൽ ഏറി വന്നീടുന്നു
അമ്മതൻ സാത്വികരായുള്ള മക്കൾക്കും
അമ്മയ്ക്കും എങ്ങനെ സൗഖ്യം ലഭിച്ചീടും?
ഇങ്ങിനെ മങ്ങാതെ ചിന്തിച്ചൊരെൻ മനം
തന്നിൽ തെളിച്ചു ഭഗവാൻ നവാക്ഷരി

# സപ്താഹ വിധികൾ
# ശ്രീമദ് അയ്യപ്പഭാഗവതം

നാല് വേദങ്ങൾക്കും ആറ് ശാസ്ത്രങ്ങൾക്കും
ലോകമീരേഴിനും സർവ്വസ്വമായുള്ള
താരകബ്രഹ്മമാം അയ്യപ്പദൈവതം
പാരാതെ ഭൂമിയിൽ ശാശ്വതൈശ്വര്യങ്ങൾ
ഭാഗവതത്ധരിയാകുന്ന പമ്പപോൽ
തോരാതൊഴുക്കി കലിമലൗഘങ്ങളെ
വാരണം ചെയ്തുടൻ കാരുണ്യമേകിടാൻ
മാരണഭീതികളെല്ലാം കെടുത്തുവാൻ
ഭാഗവതോത്തമർ സൗഭാഗ്യമാളുവാൻ;
ശ്രീമഹാതാരകബ്രഹ്മം തുണയ്ക്കുവാൻ
നാഥന്റെ സാരസ്യ സാരാംശ ഗീതമാം
ഭാഗവതത്തിനെ സപ്താഹമായഹോ
ആരുപോൽ ഭൂതലത്തിങ്കലനുഷ്ഠിക്കും
നേരുപോലായവർ തന്നെയാം ധാർമ്മികർ!

ഏഴു ദിനങ്ങളിലായുള്ള യജ്ഞത്തിൻ
രീതികളും മറ്റ് മാർഗ്ഗോപദേശവും
മാമകത്തമ്പുരാൻ തന്നെ നിരൂപിച്ച്
സ്വാമീ കടാക്ഷമുണ്ടാവാൻ ഉരയ്ക്കുന്നേൻ
മന്ദവാരത്തിൽ അരുണോദയത്തിങ്കൽ
മന്ദതാവാരണം ചെയ്യും ഗണേശനായ്
ഹോമപൂജാദികൾ അർപ്പിച്ച് സാദരം
വന്ദിച്ച് ദേവനെ അക്ഷതം തന്നിലായ്
നീലനൽപ്പട്ട് നിവർത്തി പ്രതിഷ്ഠിച്ച്
ചാലവേ നെയ്ദീപ ജാലം തെളിക്കണം.
ഹേമത്തിലോ വെള്ളിതന്നിലോ അയ്യപ്പ-

# സഹസ്രനാമ മാഹാത്മ്യം

ഓം മഹാസ്വാമിയേ ശരണം അയ്യപ്പാ! കലിയുഗത്തിൽ സംഭവിച്ചുവരുന്ന ഭയാനകങ്ങളായ ദുരിത സഞ്ചയനിവാരണ ത്തിന് ഒന്നേ മാർഗ്ഗമുള്ളൂ; അത് ഹരിഹരനന്ദനൻ ഭഗവാൻ - അയ്യപ്പസ്വാമിയുടെ അനുഗ്രഹം കൈവരിക്കൽ മാത്രം! തപസ്സും യജ്ഞവും പൂജയും മൂലം ദേവപ്രസാദം സാധിക്കുന്ന ഉൽക്കൃഷ്ട രീതികൾ മുൻ മൂന്നു യുഗങ്ങളിലും സാധിതമായിരുന്നു. എന്നാൽ അനർത്ഥങ്ങളേറുകയും ആയുസ്സുകുറയുകയും ചെയ്യുന്ന ഇന്നത്തെ യുഗത്തിൽ -കലിയുഗത്തിൽ- അയ്യപ്പഭഗവാന്റെ സേവ ചെയ്യുക മാത്രമാണ് മനുഷ്യരുൾപ്പെട്ട ഭൂമണ്ഡലത്തിന് രക്ഷാമാർഗ്ഗമായിട്ടുള്ളത്!

കലിയുഗാരംഭത്തിൽ സഹ്യാദ്രിസാനുക്കളിലെ ശബരി ശൃംഗങ്ങളിൽ സമ്പൂർണ്ണാവതാരസ്വരൂപിയായ ശ്രീധർമ്മ ശാസ്താവിന്റെ ക്ഷേത്രം ശ്രീഭഗവാന്റെ നിയോഗത്താൽ രാജ രാജശേഖരപ്പെരുമാൾ നിർമ്മിച്ചു. ലോകോപകാരാർത്ഥം അവതാര സ്വരൂപിയായ ജാമദഗ്ന്യൻ -ശ്രീപരശുരാമഭഗവാൻ- തന്നാലയത്തിൽ അച്ച്യുതാനംഗാരിസൂനു അയ്യപ്പ ഭഗവാന്റെ തിരുവിഗ്രഹം പ്രതിഷ്ഠിച്ചു. തിരുപ്രതിഷ്ഠാനന്തരം ഈരേഴു ലോകേശനായ ധർമ്മശാസ്താവിനെ പ്രസാദിപ്പിക്കുന്നതിനു വേണ്ടി ഭഗവാന്റെ നൂറ്റിയെട്ടുനാമങ്ങൾ ജപിച്ച് ശ്രീപരശുരാമൻ ദിവ്യാർച്ചന ചെയ്തു. അഷ്ടോത്തരശതനാമാർച്ചനയിൽ സംപ്രീതനായ ഭഗവാൻ തന്റെ ദിവ്യമായ സഹസ്രനാമങ്ങൾ കൂടി ശ്രീപരശുരാമനിൽ തോന്നിപ്പിച്ചു. ശ്രീ പരശുരാമൻ ഭഗവാൻ സഹസ്രനാമാർച്ചനയും സമർപ്പിച്ചപ്പോൾ കേൾക്കുവാൻ കഴി ഞ്ഞ അശരീരി:

''കന്മഷമേറും കലിയുഗകാലേ-
പെരുകിന ക്ലേശമതേറി വരുമ്പോൾ
ആശ്രിതരക്ഷണമേകും നിന്നാൽ-
കീർത്തിതമായൊരി നാമസഹസ്രം!''

സ്വാമിയേ ശരണം അയ്യപ്പാ!

ഓം മഹാസ്വാമിയേ ശരണം അയ്യപ്പാ!

# ശ്രീ ഹരിഹരപുത്രസഹസ്ര
# നാമ സ്തോത്രം

അസ്യ ശ്രീ ഹരിഹരപുത്രസഹസ്രനാമസ്തോത്രമാലാമഹാ
മന്ത്രസ്യ
അർദ്ധനാരീശ്വര ഋഷിഃഅനുഷ്ടുപ്ഛന്ദഃ ശ്രീഹരിഹരപുത്രോ
ദേവതാ ഹ്രാംബീജം ഹ്രീംശക്തിഃഹ്രൂംകീലകം!
ശ്രീഹരിഹരപുത്ര പ്രസാദസിദ്ധ്യർത്ഥേ ജപേ വിനിയോഗഃ ഹ്രാം
ഇത്യാദി ഷഡംഗന്യാസഃ ഭൂർ ഭുവസ്വരോം ഇതി ദിഗ്ബന്ധഃ

## ധ്യാനം

ഓം ത്രിഗുണിത മണിപത്മം വജ്ര മാണിക്യദണ്ഡം,
സിതസുമ ശരപാശം ഇക്ഷുകോദണ്ഡകാണ്ഡം,
ഘൃതമധുരസപാത്രം ബിഭ്രതം ഹസ്തപത്മൈർ
ഹരിഹരസുതമീഡേ ചക്രമന്ത്രാത്മ മൂർത്തിം!

ഓം നമോ ഭഗവതേ ശ്രീഭൂതനാഥായ!
ഓം മഹാസ്വാമിയേ ശരണം അയ്യപ്പാ!!

ഓം ശിവപുത്രോ മഹാതേജാഃ ശിവകാര്യധുരന്ധരഃ
ശിവപ്രദഃ ശിവജ്ഞാനീ ശൈവധർമ്മസുരക്ഷകഃ 1

ശംഖധാരീസുരാദ്ധ്യക്ഷഃ ചന്ദ്രമൗലീഃസുരോത്തമഃ
കാമേശഃ കാമതേജസ്വി കാമാദി ഫലസംയുതഃ 2

കല്യാണഃ കോമളാംഗശ്ച കല്യാണഫലദായകഃ
കരുണാബ്ധിഃ കർമ്മദക്ഷഃ കരുണാരസസാഗരഃ 3

ജഗത്പ്രിയോ ജഗത്രക്ഷോ ജഗദാനന്ദ ദായകഃ
ജയാദി ശക്തി സംസേവ്യോ ജനാഹ്ലാദോ ജിഗീഷുകഃ 4

ഓം മഹാസ്വാമിയേ ശരണം അയ്യപ്പാ!

# അയ്യപ്പ കീർത്തനങ്ങൾ

## 1. വെളിവിൻ പൊരുൾ

അകമേത് പുറമേതെന്നറിയാത്ത മനുജർക്ക്
അറിവിന്റെ പൊരുളേകും പരം ജ്യോതിയേ!
എന്നും കനിവിന്റെ ഖനിയാകും പരംധാമമേ!
ഇരുളാലെ മനമാകെ ഘനമായിച്ചമയുമ്പോൾ
മനതാരിലൊളിവിശും അരുൾ ജ്യോതിയേ
എന്നും കനിവിന്റെ ഖനിയാകും പരംധാമമേ! (അകമേത്)


എന്റെ മനമാകും ഘനശൃംഗവനമാകെ
ശുചിയാക്കി ശിവഗംഗ ചലിക്കേണം വരദായകാ!
സ്വാമീ തവ വൃന്ദാവനമായി ഭവിക്കേണം മമ ചിത്തം
തിരുനാമകുസുമങ്ങൾ വിരിഞ്ഞീടണേ!
ദേവാ! തിരുമന്ത്രമുരച്ചീടാൻ കനിഞ്ഞീടണേ (അകമേത്)

വസിക്കേണം തവ രൂപം മമ ചിത്തത്തിൽ
നാഥാ! ഉദിക്കേണം തിരുനാമം! മമ ജിഹ്വയിൽ!
സ്വാമീ കനിയേണേ ശബരീശാ ജഗദീശാ ഭഗവാനേ
മുഴങ്ങേണേ തവമന്ത്രം ഉലകിലെന്നും!
സ്വാമീ! അകറ്റേണേ കലിദോഷം ഉലകിൽ നിന്നും
പ്രഭോ! പരത്തേണേ ഭവശ്രീയീയുലകിൽ നിത്യം! (അകമേത്)

# മംഗളസ്തുതി

''പഞ്ചാദ്രീശ്വര! മംഗളം ഹരിഹര-
പ്രേമാകൃതേ മംഗളം
പിഞ്ചാലംകൃതമംഗളം പ്രണമതാം
ചിന്താമണേ മംഗളം
പഞ്ചാസ്യധ്വജ! മംഗളം ത്രിജഗതാം
ആദ്യ! പ്രഭോ മംഗളം
പഞ്ചാസ്ത്രോപമ! മംഗളം ശ്രുതിശിരോ-
ലങ്കാര സന്മംഗളം''

ശുഭം


ശ്രീമദ്
അയ്യപ്പഭാഗവതം
ത്രൈയ്യക്ഷര ചൈതന്യ